രേഖാമൂലം നൽകുന്ന ഉത്തരങ്ങൾ

അന്തർദേശീയ ബാഡ്മിന്റൺ കോൺഫറൻസ്

* 733 [797] ശ്രീ. എം. പി. ഗംഗാധരൻ:

,, സേവ്യർ അറയ്ക്കൽ:

,, തെന്നല ബാലകൃഷ്ണ പിള്ള:

,, എൻ. ഐ. ദേവസ്സിക്കുട്ടി: താഴെ ക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇക്കഴിഞ്ഞ ഫെബ്രുവരിയിൽ ഡൽഹിയിൽ വച്ചു നടന്ന അന്തർദേശീയ ബാഡ്മിന്റൺ കോൺഫറൻസിന്റെ നടത്തിപ്പിന് സംസ്ഥാന ഗവൺമെന്റിൽ നിന്നും അതിന്റെ സംഘടനകരും ധനസഹായം ആവശ്യപ്പെട്ടിരുന്നുവോ;

(ബി) ആവശ്യപ്പെട്ടിരുന്നുവെങ്കിൽ ഗവൺമെന്റ് എന്തെങ്കിലും ധനസഹായം നൽകുകയുണ്ടായോ ?

മുഖ്യമന്ത്രി (ശ്രീ. പി. കെ. വാസുദേവൻ നായർ):

(എ, ബി) ഇതുവരെ കിട്ടിയ വിവരം അനുസരിച്ച് ധനസഹായം ആവശ്യപ്പെട്ടു കൊണ്ടുള്ള നിവേദനം കിട്ടിയതായി കാണുന്നില്ല. പൂർണ്ണ വിവരം ശേഖരിച്ചു വരുന്നു.

വിദ്യുച്ഛക്തി ലഭിക്കുന്നതിന് മിനിമം ഗ്യാരൻറി

* 734 [798] ശ്രീ. പാണാറത്ത് കുഞ്ഞിമുഹമ്മദ്:

,, പി. സീതിഹാജി: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിദ്യുച്ഛക്തി ലഭിക്കുന്നതിനു വേണ്ടി മിനിമം ഗ്യാരൻറി നൽകിയവർ സാമ്പത്തിക വിഷമങ്ങളും മറ്റും മൂലം കണക്ഷൻ എടുക്കാതിരിക്കുമ്പോൾ ഗവൺമെന്റ് ഇവരുടെ പക്കൽ നിന്നും മിനിമം ഗ്യാരൻറി തുക ഈടാക്കാറുണ്ടോ;

(ബി) ഉണ്ടെങ്കിൽ അത് നിർത്തൽ ചെയ്യുവാനുള്ള നിർദ്ദേശം നൽകുമോ;

(സി) ഇത്തരം എത്ര കേസ്സുകളാണ് ഉള്ളത് ?

മുഖ്യമന്ത്രി (ശ്രീ. പി. കെ. വാസുദേവൻ നായർ):

(എ) ബോർഡ് ഈടാക്കാറുണ്ട്.

(ബി) ഇപ്പോഴത്തെ നിയമ പ്രകാരം മിനിമം ഗ്യാരൻറി തുക നിർത്തൽ ചെയ്യുന്നതിന് വ്യവസ്ഥയില്ല. എന്നാൽ റിബേറിനു് അർഹത ഉണ്ടെങ്കിൽ അത് കൊടുക്കുന്നുണ്ട്.

(സി) 9752.

LIBRARY ARCHIVES Kerala Legislative Assembly